**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1034** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>പരിഷ്കരിച്ച മൂല്യ നിർണ്ണയ രീതിയിലൂടെ പഠന നിലവാരത്തിലുണ്ടായ പുരോഗതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എം. വിജിൻ

ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** പൊതുവിദ്യാഭ്യാസ വകുപ്പ് സംസ്ഥാനത്തെ സ്കൂളുകളിൽ പൊതു പരീക്ഷയിലെ പേപ്പറുകൾക്ക് സബ്ജക്ട് മിനിമവും ഫുൾപാസ് മിനിമവും ഏർപ്പെടുത്തി മൂല്യനിർണ്ണയ രീതി പരിഷ്കരിച്ചതിന് ശേഷം വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്താൻ സാധിച്ചിട്ടുണ്ടോ;

**<u>മറുപടി:</u>** പൊതുവിദ്യാഭ്യാസ വകുപ്പ്, പരീക്ഷകളിൽ വിഷയാടിസ്ഥാനത്തിലുള്ള മിനിമം മാർക്ക് (Subject Minimum) ഏർപ്പെടുത്തിയ മൂല്യനിർണയരീതി വിദ്യാർത്ഥികൾ എല്ലാ വിഷയങ്ങളിലും അടിസ്ഥാനപരമായ അറിവുകളും ശേഷികളും ആർജ്ജിക്കുന്നതിന് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ സഹായകമാകും. എല്ലാ കുട്ടികളും ഓരോ ക്ലാസിലും നേടേണ്ട അടിസ്ഥാന ശേഷികൾ നേടുന്നുണ്ട് എന്ന് ഉറപ്പുവരുത്തുകയാണ് സ്കൂളുകളിലെ പൊതു പരീക്ഷകളിൽ എഴുത്തു പരീക്ഷയിൽ മിനിമം മാർക്ക് ഏർപ്പെടുത്തിയതിലൂടെ ലക്ഷ്യമിടുന്നത്. ഓരോ പരീക്ഷയ്ക്ക് ശേഷവും മിനിമം മാർക്ക് നേടാത്ത എല്ലാ കുട്ടികൾക്കും രണ്ടാഴ്ച വീതമുള്ള പഠനപിന്തുണാ പരിപാടികളും സംഘടിപ്പിച്ച് വരുന്നു. ഇതിലൂടെ കുട്ടികളുടെ പഠനനിലവാരം ഉയർത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**(ബി)** ഇത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

**<u>മറുപടി:</u>** സബ്ജക്ട് മിനിമം ഏർപ്പെടുത്തിയതിന്റെ ഫലമായി വിദ്യാർത്ഥികളുടെ പഠന നിലവാരത്തിൽ ഉണ്ടായ മാറ്റം സംബന്ധിച്ച് പ്രത്യേക പഠനം നടത്തിയിട്ടില്ല.

**സെക്ഷൻ ഓഫീസർ**